"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മനുഷ്യ വന്യജീവി അക്രമണത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.765/2025/DMD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-
1. 07.03.2024 ലെ സ.ഉ(കൈ)നം.4/2024/ഡിഎംഡി
2. 09/05/2025 ലെ സ.ഉ(സാധാ)നം.304/2025-ഡിഎംഡി
3. വയനാട് ജില്ലാ കളക്ടറുടെ 24/09/2025ലെ DCWYD/ 6733/2025-DM5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് തരിയോട് വില്ലേജിൽ കാലിക്കുനി എന്ന സ്ഥലത്ത് ശ്രീ.ജോയി പോൾ, S/o പൈലി, ചെറുമലയിൽ വീട്, തരിയോട് പി.ഒ എന്നയാൾ 04/08/2025 ന് കടന്നൽ കുത്തേറ്റതിനെത്തുടർന്ന് കൽപ്പറ്റയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കേ 05/08/2025 ന് മരണപ്പെട്ടതായും, പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ടിയാന്റെ മരണ കാരണം കടന്നൽ കുത്തേറ്റാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) മനുഷ്യ-വന്യജീവി സംഘർഷം പരാമർശം (1) പ്രകാരം സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിരുന്നു. പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ദുരിതാശ്വാസ ധനസഹായമായി 4 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടന്നൽ കുത്തേറ്റ് മരണപ്പെട്ട ശ്രീ. ജോയി പോൾ, S/o പൈലി, ചെറുമലയിൽ വീട്, തരിയോട് പി.ഒ എന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തുകയായ 4 ലക്ഷം രൂപ "2245-02-101-99 Flood-Other items" എന്ന ശീർഷകത്തിൽ നിന്നും വയനാട് ജില്ലാ കളക്ടർക്കു അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് -എ) വകുപ്പ്
വനം-വന്യജീവി (ഡി) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Pradeep V R
Date: 21-12-2025 07:27:33
സെക്ഷൻ ഓഫീസർ